# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

35999/DOA-ASST-4/2026/Admn 07.08.2026

**<u>പത്രക്കുറിപ്പ്</u>**

**<u>എം.ബി.എ. 2026 (ഫുൾ ടൈം/പാർട്ട് ടൈം) പ്രവേശനം: ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് വീണ്ടും അവസരം. KMAT/CMAT/CAT യോഗ്യതാ പരീക്ഷ പാസാകാത്തവർക്കും ബിരുദ മാർക്കിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതാണ്.</u>**

കാലിക്കറ്റ് സർവകലാശാലയുടെ കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ്, സർവകലാശാല സ്വാശ്രയ സെന്ററുകൾ (ഫുൾ ടൈം/പാർട്ട് ടൈം), സ്വാശ്രയ കോളേജുകൾ എന്നിവിടങ്ങളിലെ 2026–2027 അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം വെബ്സൈറ്റിൽ ( www.admission.uoc.ac.in ) ലഭ്യമാണ്. 14.08.2026 വൈകുന്നേരം 4.00 മണിവരെ ലേറ്റ് ഫീയോടുകൂടി അപേക്ഷ സമർപ്പിക്കാം. KMAT/CMAT/CAT യോഗ്യതാ പരീക്ഷ പാസാകാത്തവർക്കും ബിരുദ മാർക്കിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫീസ് ₹1,370/– (എസ്.സി./എസ്.ടി. വിഭാഗത്തിന് ₹700/–) (ലേറ്റ് ഫീസ് ഉൾപ്പെടെ)

കോളേജുകൾ,സീറ്റ്,മറ്റ് വിശദവിവരങ്ങൾ എന്നിവയ്ക്ക് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന എംബിഎ പ്രോസ്പെക്ടസ് കാണുക.

ഓൺലൈൻ അപേക്ഷയുടെ ആദ്യഘട്ടത്തിൽ, ക്യാപ് ഐഡിയും പാസ്‌വേഡും മൊബൈൽ ഫോണിൽ ലഭിക്കുന്നതിനായി അപേക്ഷകർ http://admission.uoc.ac.in → MBA → Apply Now എന്ന ലിങ്കിലൂടെ അടിസ്ഥാന വിവരങ്ങൾ നൽകണം.

രജിസ്ട്രേഷൻ സമയത്ത് അപേക്ഷകർ സ്വന്തം മൊബൈൽ നമ്പറോ അല്ലെങ്കിൽ രക്ഷിതാവിന്റെ മൊബൈൽ നമ്പറോ മാത്രമേ നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിക്കുന്ന CAP IDയും Passwordഉം ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർണമായി സമർപ്പിക്കണം.

ഓൺലൈൻ അപേക്ഷാ സമർപ്പണ സമയത്ത് ലഭിക്കുന്ന പാസ്‌വേഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രവേശന നടപടികൾ പൂർത്തിയാകുന്നതുവരെ മറ്റാർക്കും വെളിപ്പെടുത്താൻ പാടില്ലാത്തതുമാണ്.

രജിസ്ട്രേഷൻ ഫീസ് അപേക്ഷയുടെ അവസാനഘട്ടത്തിൽ അടയ്ക്കേണ്ടതാണ്. Save & Proceed ബട്ടൺ ക്ലിക്ക് ചെയ്യുന്നതിന് മുമ്പ് അപേക്ഷയിൽ നൽകിയിരിക്കുന്ന എല്ലാ വിവരങ്ങളും കൃത്യമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം.അപേക്ഷാ ഫീസ് അടച്ചശേഷം വീണ്ടും ലോഗിൻ ചെയ്ത് **അപേക്ഷയുടെ പ്രിന്റൗട്ട്** എടുക്കണം. പ്രിന്റൗട്ട് ലഭിക്കുന്നതോടെയാണ് അപേക്ഷ സമ്പൂർണമാകുന്നത്. അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് **അയയ്ക്കേണ്ടതില്ല**.

രജിസ്റ്റർ ചെയ്തവർ കൂടുതൽ വിവരങ്ങൾക്കായി അതാത് കോളേജ്/സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admission.uoc.ac.in)

ഫോൺ : 0494 2407016,2407017 2407363.

Ashokkumar K. P.
Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)